"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - മൈക്രോപ്ലാൻ പ്രകാരം ഭൂമിയും വീടും ആവശ്യമുള്ളവർക്ക് ഭൂമി വാങ്ങുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ലാൻഡ് പർച്ചേസ് ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.695/2025/LSGD തീയതി,തിരുവനന്തപുരം, 15-03-2025

---

പരാമർശം:-

1. 16/07/2021-ലെ സ.ഉ.(കൈ ) നം.145,/2021/തസ്വഭവ
2. 25/09/2021-ലെ സ.ഉ.(സാധാ) നം.1857/2021/തസ്വഭവ
3. 19/04/2022-ലെ സ.ഉ.(കൈ ) നം.84/2022/തസ്വഭവ
4. 19/04/2022-ലെ സ.ഉ.(കൈ ) നം.86/2022/തസ്വഭവ
5. 28/05/2022-ലെ സ.ഉ.(കൈ ) നം.115/2022/തസ്വഭവ
6. 08/07/2022-ലെ സ.ഉ.(കൈ ) നം.146/2022/തസ്വഭവ
7. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30/01/2025-ലെ LSGD/PD/3528/2025-SPMC1 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് അതിദാരിദ്ര്യം അഞ്ചു വർഷത്തിനകം നിർമാർജ്ജനം ചെയ്യുന്നത് ലക്ഷ്യമാക്കി അതിദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിന് പരാമർശം 1 - 5 വരെ ഉത്തരവുകൾ പ്രകാരം സംസ്ഥാനവ്യാപകമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ നടത്തിയ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ പൂർത്തീകരിക്കുകയും അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളെയും/വ്യക്തികളെയും അതിദാരിദ്ര്യാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനുള്ള സൂക്ഷ്മതല പദ്ധതിയായ മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം (6) പ്രകാരം സർക്കാർ അംഗീകരിക്കുകയുമുണ്ടായി .

2. പരാമർശം (6) മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള 56,697 മൈക്രോ പ്ലാനുകളിൽ 5776 കുടുംബങ്ങൾക്ക് സ്ഥലവും വീടും ആവശ്യമുണ്ട് എന്നും ഇതിൽ 2024 ഡിസംബർ മാസം 31 വരെ 412 കുടുംബങ്ങൾക്ക് മാത്രമേ സ്ഥലവും വീടും ലഭ്യമാക്കുവാൻ സാധിച്ചിട്ടുള്ളൂവെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മേൽ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട വീടും സ്ഥലവും ആവശ്യമുള്ളവരുടെ പുനരധിവാസം ഒന്നിച്ച് ലഭ്യമാക്കുന്നതിനായി ഒഴിഞ്ഞുകിടക്കുന്ന പൊതുവായുള്ള ഭൂമി പരാമർശം (5) സബ്സിഡി

മാർഗ്ഗരേഖ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി കണ്ടെത്തുന്നതിന് തദ്ദേശസ്ഥാപന തലത്തിൽ തദ്ദേശസ്ഥാപന അദ്ധ്യക്ഷൻ ചെയർമാനും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വൈസ് ചെയർമാനായും, തദ്ദേശസ്ഥാപന സെക്രട്ടറി നോഡൽ ഓഫീസറായും, സി.ഡി.എസ്. ചെയർപേഴ്സൺ, അസിസ്റ്റന്റ് സെക്രട്ടറി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ അംഗങ്ങളായും ഒരു ലാൻഡ് പർച്ചേസ് കമ്മിറ്റി രൂപീകരിക്കുന്നതിന് അനുമതി നല്കണമെന്നും പരാമർശം (7) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട വീടും സ്ഥലവും ആവശ്യമുള്ളവരുടെ പുനരധിവാസത്തിന് മതിയായ അളവിൽ അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനും നടപടി ക്രമങ്ങൾ മിഷൻ മോഡിൽ വേഗത്തിലാക്കുന്നതിനും ആവശ്യമായ പിന്തുണ ലഭ്യമാക്കുന്നതിന് തദ്ദേശസ്ഥാപന തലത്തിൽ താഴെപ്പറയുംപ്രകാരം ലാൻഡ് പർച്ചേസ് ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

| | | |
|---|---|---|
| തദ്ദേശസ്ഥാപന അധ്യക്ഷൻ | - | ചെയർമാൻ |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | - | വൈസ് ചെയർമാൻ |
| തദ്ദേശസ്ഥാപന സെക്രട്ടറി | - | നോഡൽ ഓഫീസർ |
| സി.ഡി.എസ്. ചെയർപേഴ്സൺ | - | അംഗം |
| അസിസ്റ്റന്റ് സെക്രട്ടറി | - | അംഗം |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | - | അംഗം |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ഐ.എ.1/41/2025-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 15-03-2025 11:35:16
സെക്ഷൻ ഓഫീസർ